(ബി) പ്രസ്തുത ഫ്ളാറ്റ് അനധികൃതമായി വാടകയക്ക് നൽകിയതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് അലോട്ടിയായ ശ്രീ. അബ്ദുൽ റഹ്മാന് 23.2.1999-ൽ അലോട്ട്മെന്റ് റദ്ദ് ചെയ്യാതിരിക്കാനുള്ള കാരണം ബോധിപ്പിക്കുവാൻ നോട്ടീസ് അയയ്ക്കുകയും ടിയാന്റെ 10.3.1999-ലെ അപേക്ഷ അനുസരിച്ച് ഒരു വർഷത്തേക്ക് ഫ്ളാറ്റ് വാടകയ്ക്കു നൽകുന്നതിന് ബോർഡ് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 18.4.1996-ൽ ഡെപ്പോസിറ്റായി 10,000/-രൂപയും വാടകയിനത്തിൽ 65,000/- രൂപയും അടച്ചിട്ടുണ്ട്. അതിൽ 10,000/-രൂപ തിരികെ നൽകിയിട്ടുണ്ട്.

(ഡി)-(എഫ്) ഈ കാര്യങ്ങൾ ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണത്തിലാണ്.

107 (551) അഴുക്ക് ചാലുകൾ സ്ലാബിട്ട് മൂടുന്നതിനാവശ്യമായ നടപടികൾ

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച അഴുക്ക് ചാലുകൾ സ്ലാബിട്ട് മൂടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) സ്ലാബുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ട എന്തെങ്കിലും സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുണ്ടോ;

(സി) എങ്കിൽ എന്ത് സംവിധാനമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നഗരത്തിലെ ഓടകളിലെ ചീത്തയായ കവറിംഗ് സ്ലാബുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. 80% പ്രവൃത്തി പൂർത്തികരിച്ചു. ബാക്കി ഉടനെ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) നാഷണൽ ഹൈവേ വിഭാഗത്തിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ ഉണ്ട്. കൂടാതെ സ്ലാബുകളുടെ നിർമ്മാണത്തിലും അത് സ്ഥാപിക്കുന്നതിലും നിഷ്കർഷിക്കപ്പെട്ട ഡിസൈൻ അടക്കമുള്ള ഗുണമേന്മ നിർമ്മാണസമയത്ത് തന്നെ ഉറപ്പ് വരുത്തുന്നുമുണ്ട്.

108 (553) നിർമ്മിതി കേന്ദ്രത്തിലെ നിയമനങ്ങൾ

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ നിയമനങ്ങൾ നടത്തുന്നത് ഏത് ഏജൻസിയിലൂടെയാണെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മിതി കേന്ദ്രത്തിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ അല്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദിവസക്കൂലിക്ക് നിയമിച്ച ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനാവശ്യമായ റൂൾസ് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഗവൺമെന്റ് റൂൾസ് അംഗീകരിക്കാതെ ക്രമവിരുദ്ധമായി ദിവസക്കൂലിക്കാരെ റെഗുലറൈസ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം റഗുലറൈസ് ചെയ്തവരുടെ പേരും വിവരവും ഡസിഗ്നേഷനും ഉൾപ്പെടുത്തിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ ഇ.പി.എഫ്., ഇ.എസ്.ഐ. കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഇത് അടയ്ക്കാൻ എന്തു നടപടി സ്വീകരിക്കാൻ നിർമ്മിതി ഉദ്ദേശിക്കുന്നു;

(എഫ്) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ചില ജീവനക്കാർ കാട്ടിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ജി) ഇവരെ സസ്പെന്റ് ചെയ്തിരുന്നോ; എങ്കിൽ സസ്പെൻഷനു ശേഷം തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(എച്ച്) നിർമ്മിതി കേന്ദ്രത്തിൽ റിട്ടയർ ചെയ്ത എത്ര ജീവനക്കാർ താൽക്കാലികമായോ അല്ലാതെയോ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവരുടെ പേരും വിവരവും ഡസിഗ്നേഷനും നൽകുന്ന വേതനത്തിന്റെ വിശദാംശങ്ങളും അറിയിക്കുമോ;

(ഐ) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇവയിലൂടെ അല്ലാതെ തെരഞ്ഞെടുത്ത വോളന്റിയർമാരെ സ്ഥിരപ്പെടുത്താനുള്ള നീക്കം ക്രമവിരുദ്ധമാണെന്നും നിർമ്മിതിയിലെ തസ്തികകളിലേക്ക് നിയമനങ്ങൾ നടത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെയോ, പി.എസ്.സിയിലൂടെയോ സർക്കാർ അംഗീകരിച്ച റൂൾസിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്ന നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഈ കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ് എന്ന് വ്യക്തമാക്കുമോ;

(ജെ) നിർമ്മിതി കേന്ദ്രത്തിന് എത്ര തുക വരുമാനമായി ലഭിക്കുന്നുണ്ട്. എത്ര തുക ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഓണറേറിയവുമായി നൽകുന്നു; പ്രോജക്ടുകളിൽനിന്നും ലഭിക്കുന്ന തുകകൊണ്ട് ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും കൊടുക്കാൻ സാധിക്കുന്നുണ്ടോ; പ്രോജക്ടുകളിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ എത്ര ശതമാനമാണ് ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി വിനിയോഗിക്കുന്നത് കൂടുതൽ ആവശ്യമായി വരുന്ന തുക എങ്ങനെയാണ് കണ്ടെത്തുന്നത്;

(കെ) നിർമ്മിതി കേന്ദ്രത്തിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മിതി റിസോഴ്സ് ഗ്രൂപ്പ് മെമ്പർമാർ അടങ്ങുന്ന ഒരു സമിതിയാണ് റോപ്പുണ്ടിയർമാരെ തെരഞ്ഞെടുക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇല്ല. ഉദിക്കുന്നില്ല

(ഡി) ഇല്ല. ഉദിക്കുന്നില്ല.

(ഇ) റോപ്പുണ്ടിയർമാർക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്നില്ല. എന്നാൽ ഇ.പി.എഫ്. ഉണ്ട്. പി.എഫ്.ലുള്ള കുടിശ്ശിക ഇനത്തിൽ ഇതുവരെ 8 ലക്ഷം രൂപ അടച്ചു കഴിഞ്ഞു. ബാക്കി തുക മാസഗഡുക്കളായി അടച്ചു കൊണ്ടിരിക്കുന്നു.

(എഫ്)&(ജി) റോഡിസ് കേസുകൾ രജിസ്റ്റർ ചെയ്തതായിട്ട് രേഖകൾ ഓഫീസിൽ ലഭ്യമല്ല. എന്നാൽ ഫെബ്രുവരി 17-ാം തീയതി മുതൽ മാർച്ച് 5-ാം തീയതി വരെ സമരത്തിലായിരുന്ന ചില ജീവനക്കാരെ സസ്പെന്റ് ചെയ്തിരുന്നു. പിന്നീട് ഇവരെ തിരിച്ചെടുക്കുകയുണ്ടായി.

(എച്ച്) റിട്ടയർ ചെയ്ത എഴു ജീവനക്കാർ നിർമ്മിതി കേന്ദ്രത്തിൽ ജോലി ചെയ്യുന്നുണ്ട്. വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

പേര്, ഡസിഗ്നേഷൻ	ഓണറേറിയം
1. പ്രൊഫ. ലക്ഷ്മണൻ നായർ (കൺസൾട്ടന്റ്, തൃശ്ശൂർ)	5000.00 രൂപ
2. ശ്രീ. ശിവരാമൻ നായർ (സീനിയർ പ്രൊജക്റ്റ് എഞ്ചിനീയർ)	3300.00 രൂപ
3. ബാലകൃഷ്ണൻ നായർ പ്രോജക്റ്റ് കോ. ഓർഡിനേറ്റർ	3000.00 രൂപ
4. കെ.പി. ദാമോദരൻ (പ്രൊജക്റ്റ് കോ. ഓർഡിനേറ്റർ	3500.00 രൂപ
5. സി.എഫ്. എബ്രഹാം (റിജിയണൽ മാനേജർ)	4000.00 രൂപ
6. ജി. രാധാകൃഷ്ണപണിക്കർ (പ്രൊജക്റ്റ് എഞ്ചിനീയർ	3600.00 രൂപ
7. എം.ടി. വർഗ്ഗീസ് (കോ. ഓർഡിനേറ്റർ)	2500.00 രൂപ

(ഐ) ഇത്തരം നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ജെ) 1995 മാർച്ച് അവസാനമുള്ള ഓഡിറ്റ് ചെയ്യാത്ത കണക്കുകൾ പ്രകാരം 130.50 ലക്ഷം രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

ശമ്പളം (മുൻ ഡയറക്ടറുടെ)	1,74,155.00
മെഡിക്കൽ ആനുകൂല്യം (മുൻ ഡയറക്ടറുടെ)	14,404.00 രൂപ
ഓണറേറിയം (ജീവനക്കാരുടെ)	20,90,372.00 രൂപ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ടുകളിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട് ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ സാധിക്കുന്നുണ്ട്.

1997-98 കാലയളവിലെ കണക്കുകൾ പ്രകാരം ഡയറക്ടറുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നയിനത്തിൽ 3.29 ശതമാനവും ഓണറേറിയം ഇനത്തിൽ 36.43 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്. നിർമ്മിതി കേന്ദ്രം പ്രോജക്ടുകളിൽ നിന്നുള്ള വരുമാനത്തിന്റെയും ചിലവുകളുടേയും കാര്യത്തിൽ സ്വയം പര്യാപ്തമാണ്.

(കെ) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

(പന്ത്രണ്ടാം സമ്മേളനത്തിലെ 16.12.99 ലെ ചോദ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ യഥാസമയം ഉത്തരങ്ങൾ ലഭിക്കാതിരുന്നതുമായ ചോദ്യങ്ങളുടെ ഉത്തരങ്ങൾ)

109 (445) ഡി.പി.ഇ.പി. ബാങ്ക് അക്കൗണ്ടുകൾ

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി.യുടെ ബാങ്ക് അക്കൗണ്ടുകൾ ആരുടെയൊക്കെ പേരിലാണ്;

(ബി) ഏത് മാനദണ്ഡമനുസരിച്ചാണ് ഇപ്രകാരം ആളുകളുടെ പേരിൽ പണം നിക്ഷേപിച്ചിട്ടുള്ളത്;

(സി) ഡി.പി.ഇ.പിയ്ക്ക് ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപമുള്ളത്;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് ഡി.പി.ഇ.പി. യുടെ പേരിലുള്ള തിരുവല്ലാ ബാങ്കിലെ അക്കൗണ്ടുകളിൽ തിരിമറി നടന്നതിന്റെ പേരിൽ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എന്തു തിരിമറികളാണ് നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) തിരിമറി നടന്ന തീയതിക്ക് മുൻപായി അന്നത്തെ ഡയറക്ടറായിരുന്ന ശ്രീ. വി. സുരേഷ്കുമാർ തിരുവല്ലാ ബ്രാഞ്ചിൽ നിന്നും അക്കൗണ്ട് തിരുവനന്തപുരത്തേക്ക് മാറ്റണമെന്ന് പ്രൊപ്പോസൽ നൽകിയിരുന്നോ;

(ജി) ഈ പ്രൊപ്പോസൽ നിരാകരിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ;

(എച്ച്) ഡി.പി.ഇ.പി. യുടെ പേരിലുള്ള തിരുവല്ലാ ബാങ്കിലെ അക്കൗണ്ടിലെ തിരിമറികൾ സംബന്ധിച്ച് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിനെക്കൊണ്ട് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഐ) എങ്കിൽ അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ)&(ബി) ഡി.പി.ഇ.പി. യുടെ ബാങ്ക് അക്കൗണ്ടുകൾ വ്യക്തിയുടെ പേരിൽ തുറക്കുകയോ, പണം നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല. പെഡസ്ക് ഫൈനാൻഷ്യൽ റെഗുലേഷൻ അദ്ധ്യായം 3 ചട്ടം 2 അനുസരിച്ച് സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly